LIBRARY ARCHIVES Kerala Legislative Assembly

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

138. [138] ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് നിലവിലുള്ള യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് നിലവിലുള്ള യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(സി) ഓരോ തോട്ടം തൊഴിലാളി കുടുംബത്തിനും ലഭിച്ച ആനുകൂല്യങ്ങൾ എത്ര വീതമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 2002 ആഗസ്റ്റ് മുതൽ ഒരു തൊഴിലാളി കുടുംബത്തിന് ആഴ്ചയിൽ 10 കിലോ അരി വീതം നൽകി വന്നിരുന്നു. 2004 ആഗസ്റ്റ് മുതൽ ഒരു കുടുംബത്തിന് ആഴ്ചയിൽ 5 കിലോ അരി വീതം നൽകി വരുന്നു. 2001 മുതൽ ഓണക്കാലത്ത് ഓരോ തൊഴിലാളിക്കും 1000 രൂപ വീതം എക്സ്ഗ്രേഷ്യാ/ഫെസ്റ്റിവൽ അലവൻസ് നൽകി വന്നിരുന്നത് 2003 ഓണക്കാലം മുതൽ സൗജന്യ റേഷൻ കൈപ്പറ്റുന്ന ഒരു തൊഴിലാളിക്ക് 500 രൂപ വീതം നൽകി വരുന്നു. പ്രവർത്തനം നിലച്ച തോട്ടം മേഖലയിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നു. ഗ്രാമ്പി, വുഡ്‌ലാന്റ്, ബൊണാമി എന്നീ തോട്ടങ്ങളിലെ അടഞ്ഞുകിടന്ന ആശുപത്രികൾ ഏറ്റെടുത്ത് നടത്തിവരുന്നു. ഇതിനു പുറമെ ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് വിവിധ ചികിത്സാ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശാനുസരണം കൂടിവെള്ള വിതരണം നടത്തുന്നുണ്ട്. വിവിധ ആശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഇടുക്കി, വയനാട്, പാലക്കാട്, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വെവ്വേറെ അതാതു ജില്ലാ കളക്ടർമാർ ചെയർമാൻമാരായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ചികിത്സാ ധനസഹായമായി 1000 രൂപ മുൽ 10000 രൂപ വരെ നൽകുന്നുണ്ട്. മരണാനന്തര ധനസഹായമായി 25,000 രൂപ വീതവും നൽകുന്നുണ്ട്.

(ബി) പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, രണ്ട് സെറ്റ് യൂണിഫോം, സ്കൂൾ ബാഗ്, കുട, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവ പ്ലാന്റേഷൻ റിലീഫ്

ഫണ്ട് കമ്മിറ്റി മുഖാന്തിരം വിതരണം ചെയ്തു. ഏഴാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി നൽകി വന്നിരുന്നത് ഉച്ചഭക്ഷണമാക്കി മാറ്റി 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് നൽകിവരുന്നു. ലേബർ വെൽഫെയർ ഫണ്ട് മുഖേന വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു. ഇതിനു പുറമെ തോട്ടം മേഖലയിലെ സാന്ത്വനികമായി പിന്നോക്കാവസ്ഥയിലുള്ള തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകളിൽ ഉപരിപഠനത്തിന് ധന സഹായം നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) 2007 ആഗസ്റ്റ് മുതൽ 2004 ജൂലൈ വരെ പൂട്ടിക്കിടന്നിരുന്ന തോട്ടങ്ങളിലെ ഓരോ തൊഴിലാളി കുടുംബത്തിനും ആഴ്ചയിൽ 10 കിലോ അരി വീതവും 2004 ആഗസ്റ്റ് മുതൽ ഒരു കുടുംബത്തിന് ആഴ്ചയിൽ 5 കിലോ അരി വീതവും സൗജന്യ റേഷനായി നൽകിവരുന്നു. 2001, 2002 വർഷങ്ങളിൽ ഓരോ തൊഴിലാളിക്കും ഓണക്കാലത്ത് 1000 രൂപ വീതവും 2003 മുതൽ 2005 വരെയുള്ള ഓണാക്കാലത്ത് അഞ്ഞൂറു രൂപ വീതവും എക്സ്ഗ്രേഷ്യാ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും ആരോഗ്യ പരിപാലനത്തിനായി സൗജന്യ മെഡിക്കൽ ക്യാമ്പുകൾ വഴിയും മൊബൈൽ ക്ലിനിക്കുകൾ വഴിയും ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകിവരുന്നു.

ഭാഗികമായി പൂട്ടിയതും പ്രവർത്തിച്ചുവരുന്നതുമായ തേയില തോട്ടങ്ങൾ

139. [139] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ അടച്ചുപൂട്ടിയതും ഭാഗികമായി പൂട്ടിയതും ഇപ്പോൾ പ്രവർത്തിച്ചുവരുന്നതുമായ മുഴുവൻ തേയില തോട്ടങ്ങളുടെയും ഇനം തിരിച്ചുള്ള ലിസ്റ്റ് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പ് ഈ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് എന്തെല്ലാം സാമൂഹ്യ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; ഇതുമായി ബന്ധപ്പെട്ട മുഴുവൻ ഉത്തരവുകളും ലഭ്യമാക്കുമോ;

(സി) ഓരോ തോട്ടങ്ങളിലും സ്ഥിരം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, എത്രവീതമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഓരോ തോട്ടങ്ങളിലേയും എത്രവീതം തൊഴിലാളികൾക്ക് എത്രകാലം സൗജന്യ റേഷൻ നൽകിയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; ബന്ധപ്പെട്ട ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly